**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1400** **07-02-2023 - ൽ മറുപടിയ്ക്ക്**

**നിയമ പഠനം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കുട്ടികൾക്ക് കൃത്യമായ നിയമ ബോധവൽക്കരണം ഇല്ലാത്തതിനാൽ പലപ്പോഴും ചൂഷണം ചെയ്യപ്പെടുകയും കുറ്റകൃത്യങ്ങളിൽ പങ്കാളികളാകുകയും ചെയ്യുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | കുട്ടികൾക്ക് കൃത്യമായ നിയമബോധവൽക്കരണം ലഭിക്കാത്തതിനാൽ പലപ്പോഴും ചൂഷണം ചെയ്യപ്പെടുകയും കുറ്റകൃത്യങ്ങളിൽ പങ്കാളികളാകുകയും ചെയ്യുന്നത് സർക്കാർ ഗൗരവത്തോടെയാണ് കാണുന്നത്. കുട്ടികളിൽ ഭരണഘടനാ മൂല്യവും, നേതൃത്വഗുണവും, നിയമസംവിധാനങ്ങളെ കുറിച്ചുള്ള അറിവും വളർത്തുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പ് എസ്.സി.ഇ.ആർ.റ്റി.-യുടെ നേതൃത്വത്തിൽ "ഞങ്ങളുടെ അവകാശങ്ങൾ" എന്ന പേരിൽ സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്കായി 3 മേഖലകളിലായി 4 ദിവസം നീണ്ടുനിൽക്കുന്ന നേതൃത്വ പരിശീലന ക്യാമ്പ് നടത്തിവരുന്നു. പരിശീലനം ലഭിച്ച വിദ്യാർത്ഥികളുടെ സ്കൂൾ തലത്തിൽ 'നിയമസഹായ ക്ലബുകൾ' സ്ഥാപിച്ചുകൊണ്ട് എല്ലാ കുട്ടികളിലും നിയമ സംവിധാനങ്ങളെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തുന്നതാണ്. |
| (ബി) | നിയമങ്ങളെക്കുറിച്ച് പ്രാഥമിക അവബോധം ഉണ്ടാകുന്ന രീതിയിൽ നിയമ പഠനം ഒരു പ്രത്യേക വിഷയമായി പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തി വിദ്യാർത്ഥികൾക്ക് പഠിക്കുവാൻ അവസരം ലഭ്യമാക്കുമോ; വിശദമാക്കുമോ? | (ബി) | പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി പുതിയ പാഠപുസ്തകം തയ്യാറാക്കുന്ന വേളയിൽ കാലികപ്രസക്തമായ നിയമപാഠങ്ങൾ വിവിധ വിഷയങ്ങളിൽ കൂടുതലായി ഉൾക്കൊള്ളിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ